# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6209 — 07/11/2016-ൽ മറുപടിയ്ക്ക്

## 'തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ് '

<u>ചോദ്യം</u>

ശ്രീ. എ.പി. അനിൽകുമാർ
ശ്രീ. കെ.സി ജോസഫ്
ശ്രീ. കെ.എസ്. ശബരിനാഥൻ
ശ്രീ. ഐ.സി. ബാലകൃഷ്ണൻ

<u>ഉത്തരം</u>

ശ്രീ. കെ.ടി. ജലീൽ
ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരവ് ചെലവുകൾ പൂർണ്ണമായി ആഡിറ്റ് ചെയ്യാതെ 10 മുതൽ 20 ശതമാനം വരെ പരിശോധിച്ചാൽ മതിയെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (എ) | ഇല്ല; എന്നാൽ 07/10/2016-ലെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 11/2016-ാം നമ്പർ സർക്കുലർ പ്രകാരം ആഡിറ്റ് വകുപ്പ് ജീവനക്കാർക്കായി ഗ്രാമപഞ്ചായത്തുകളുടെ ആഡിറ്റ് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആഡിറ്റിന്റെ പരിധിയിൽ നിന്നും ഏതെങ്കിലും വിഭാഗത്തെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം തീരുമാനം എടുത്ത സാഹചര്യം എന്താണ്? | (ബി) | ഒരു വിഭാഗത്തെയും ഒഴിവാക്കിയിട്ടില്ല |
| (സി) | സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ 40 ശതമാനം തുക തദ്ദേശ സ്ഥാപനങ്ങൾ വഴി വിനിയോഗിക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ നിർദ്ദേശം വ്യാപകമായ ക്രമക്കേടുകൾക്ക് കാരണമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഓഡിറ്റിന്റെ പരിധിയിൽ നിന്ന് ഒരു വിഭാഗത്തെയും ഒഴിവാക്കിയിട്ടില്ല. ക്രമക്കേടുകൾക്കുള്ള സാദ്ധ്യതകൾ കാണുന്നിടത്ത് സൂക്ഷ്മ പരിശോധന ഉറപ്പാക്കി മേൽനോട്ട ചുമതലകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ